# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2138

26.03.2013- ലെ മറുപടിക്ക്

**<u>സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.പി. സജീന്ദ്രൻ:<br>ശ്രീ. എം.പി. വിൻസെന്റ്:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ: | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേരള നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുക നിക്ഷേപകരുടെ വിശ്വാസം ആർജിക്കുക അതിലൂടെ സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക എന്നിവയാണ് നിക്ഷേപ സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| സി) ഏതെല്ലാം സഹകരണ സംഘങ്ങളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, എന്നീ വായ്പാ സഹകരണ സംഘങ്ങളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| ഡി) എന്തെല്ലാം സൗകര്യങ്ങളാണ് നിക്ഷേപകർക്ക് പദ്ധതി മുഖേന ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഏതെങ്കിലും കാരണത്താൽ വായ്പാ സഹകരണ സംഘത്തിൽ നിന്നും നിക്ഷേപകന് നിക്ഷേപ തുക തിരികെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിക്ഷേപകന് നൽകുന്നതാണ്. ഇപ്രകാരമുള്ള ഗ്യാരന്റി ലഭിക്കുന്നതിനായി നിക്ഷേപകൻ പ്രത്യേക വിഹിതങ്ങൾ ഒന്നും തന്നെ അടയ്ക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ